മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി	ചെയർമാൻ
പ്രിൻസിപ്പൽ സെക്രട്ടറി, നികുതി വകുപ്പ്	വൈസ് ചെയർമാൻ
അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്	മെമ്പർ
പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്	മെമ്പർ
സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്	മെമ്പർ
എക്സൈസ് കമ്മീഷണർ	മെമ്പർ
ഡി.ഐ.ജി. (In charge of SPC)	മെമ്പർ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ	മെമ്പർ
എല്ലാ ജില്ലാ കളക്ടർമാരും	മെമ്പർ
ഡയറക്ടർ, സുബോധം പദ്ധതി	കൺവീനർ

ഉറമുഖ വകുപ്പ് നടപ്പാക്കിയ പദ്ധതികൾക്കുള്ള ചെലവ്

84 (4419) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും ഉറമുഖ വകുപ്പ് നടപ്പാക്കിയ പദ്ധതികൾക്കായി പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ നീക്കിവച്ച തുകയും ആയതിലുള്ള ചെലവും വർഷം തിരിച്ച് ലഭ്യമാക്കാമോ ?

ഉത്തരം

വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

മത്സ്യബന്ധന ഉറമുഖങ്ങളുടെ നിർമ്മാണവും വികസനവും

85 (4420) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം മത്സ്യബന്ധന ഉറമുഖങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനുമാണ് കേന്ദ്ര സഹായ പദ്ധതികൾ നിലവിലുള്ളത്;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ നടന്നുവരുന്ന പദ്ധതികളിൽ കേന്ദ്രത്തിൽനിന്നും ലഭിച്ച/ അനുവദിച്ച സഹായത്തിന്റെ വിശദാംശങ്ങൾ പദ്ധതി തിരിച്ച് വിശദമാക്കാമോ ;

(സി) ഇതുവരെ ഓരോ പദ്ധതിക്കും ചെലവായ തുകയും കേന്ദ്ര സഹായമായി ലഭിച്ച തുകയും എത്രയെന്ന് വിശദമായി വ്യക്തമാക്കാമോ ;

(ഡി) ഇപ്പോഴത്തെ കേന്ദ്രസർക്കാർ അധികാരത്തിൽ വന്നശേഷം ഈ പദ്ധതികൾക്ക് ലഭിച്ച കേന്ദ്ര സഹായത്തിന്റെ കണക്ക് പദ്ധതി തിരിച്ച് വ്യക്തമാക്കാമോ ;

(ഇ) പുതിയ പദ്ധതികൾക്ക് കേന്ദ്ര സഹായം വെട്ടിക്കുറയ്ക്കുന്നതിന് നിർദ്ദേശമുണ്ടോ ; ഈ വിഷയത്തോടുള്ള സമീപനം സംബന്ധിച്ച വിശദാംശം നൽകാമോ ?

<u>ഉത്തരം</u>

(എ)

ക്രമ നമ്പർ	പദ്ധതിയുടെ പേര്
(1)	(2)
1	പൊന്നാനി മത്സ്യബന്ധന തുറമുഖം, മലപ്പുറം (50% കേന്ദ്രവിഹിതം)
2	തലായി മത്സ്യബന്ധന തുറമുഖം, കണ്ണൂർ (50% കേന്ദ്രവിഹിതം)
3	കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം, കോഴിക്കോട് (50% കേന്ദ്രവിഹിതം)
4	ചേറ്റുവ മത്സ്യബന്ധന തുറമുഖം, തൃശ്ശൂർ (75% കേന്ദ്രവിഹിതം)
5	ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം, കാസർഗോഡ് (75% കേന്ദ്രവിഹിതം
6	മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം, കാസർഗോഡ് (75% കേന്ദ്രവിഹിതം)
7	വെള്ളയിൽ മത്സ്യബന്ധന തുറമുഖം, കോഴിക്കോട് (75% കേന്ദ്രവിഹിതം)

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
8	താനൂർ മത്സ്യബന്ധന ഉറമുഖം, മലപ്പുറം (75% കേന്ദ്രവിഹിതം)
9	അർത്തുങ്കൽ മത്സ്യബന്ധന ഉറമുഖം, ആലപ്പുഴ (75% കേന്ദ്രവിഹിതം)
10	മുനക്കക്കടവ് ഫിഷ് ലാന്റിംഗ് കേന്ദ്രം, തൃശ്ശൂർ (75% കേന്ദ്രവിഹിതം)
11	മത്സ്യബന്ധന ഉറമുഖങ്ങളുടെ ഡ്രെഡ്ജിംഗ് (50% കേന്ദ്രവിഹിതം)

(ബി)

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ഇതുവരെ ലഭിച്ച കേന്ദ്രധന സഹായം (ലക്ഷത്തിൽ)
(1)	(2)	(3)
1	പൊന്നാനി മത്സ്യബന്ധന ഉറമുഖം, മലപ്പുറം (50% കേന്ദ്രവിഹിതം)	1379.70
2	തലായി മത്സ്യബന്ധന ഉറമുഖം, കണ്ണൂർ (50% കേന്ദ്രവിഹിതം)	1100.00
3	കൊയിലാണ്ടി മത്സ്യബന്ധന ഉറമുഖം, കോഴിക്കോട് (50% കേന്ദ്രവിഹിതം)	2022.50
4	ചേറ്റുവ മത്സ്യബന്ധന ഉറമുഖം, തൃശ്ശൂർ (75% കേന്ദ്രവിഹിതം)	1633.00
5	ചെറുവത്തൂർ മത്സ്യബന്ധന ഉറമുഖം, കാസർഗോഡ് (75% കേന്ദ്രവിഹിതം)	1350.00
6	മഞ്ചേശ്വരം മത്സ്യബന്ധന ഉറമുഖം, കാസർഗോഡ് (75% കേന്ദ്രവിഹിതം)	100.00
7	വെള്ളയിൽ മത്സ്യബന്ധന ഉറമുഖം, കോഴിക്കോട് (75% കേന്ദ്രവിഹിതം)	650.00

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
8	താനൂർ മത്സ്യബന്ധന ഇറമുഖം, മലപ്പുറം (75% കേന്ദ്രവിഹിതം)	650.00
9	അർത്തുങ്കൽ മത്സ്യബന്ധന ഇറമുഖം, ആലപ്പുഴ (75% കേന്ദ്രവിഹിതം)	650.00
10	മുനക്കക്കടവ് ഫിഷ് ലാന്റിംഗ് കേന്ദ്രം, തൃശ്ശൂർ (75% കേന്ദ്രവിഹിതം)	123.25
11	മത്സ്യബന്ധന ഇറമുഖങ്ങളുടെ ഡ്രെഡ്ജിംഗ് (50% കേന്ദ്രവിഹിതം)	420.01

(സി) അനുബന്ധമായി ചേർക്കുന്നു.*

(ഡി)

ക്രമ നമ്പർ	പദ്ധതിയുടെ പേര്	മേയ് 2014 മുതൽ ലഭിച്ച കേന്ദ്രധന സഹായം (ലക്ഷത്തിൽ)
(1)	(2)	(3)
1	പൊന്നാനി മത്സ്യബന്ധന ഇറമുഖം, മലപ്പുറം (50% കേന്ദ്രവിഹിതം)	0
2	തലായി മത്സ്യബന്ധന ഇറമുഖം, കണ്ണൂർ (50% കേന്ദ്രവിഹിതം)	250.00
3	കൊയിലാണ്ടി മത്സ്യബന്ധന ഇറമുഖം, കോഴിക്കോട് (50% കേന്ദ്രവിഹിതം)	250.00
4	ചേറ്റുവ മത്സ്യബന്ധന ഇറമുഖം, തൃശ്ശൂർ (75% കേന്ദ്രവിഹിതം)	133.00
5	ചെറുവത്തൂർ മത്സ്യബന്ധന ഇറമുഖം, കാസർഗോഡ് (75% കേന്ദ്രവിഹിതം)	50.00
6	മഞ്ചേശ്വരം മത്സ്യബന്ധന ഇറമുഖം, കാസർഗോഡ് (75% കേന്ദ്രവിഹിതം)	0

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
7	വെള്ളയിൽ മത്സ്യബന്ധന തുറമുഖം, കോഴിക്കോട് (75% കേന്ദ്രവിഹിതം)	350.00
8	താനൂർ മത്സ്യബന്ധന തുറമുഖം, മലപ്പുറം (75% കേന്ദ്രവിഹിതം)	350.00
9	അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം, ആലപ്പുഴ (75% കേന്ദ്രവിഹിതം)	350.00
10	മുനക്കക്കടവ് ഫിഷ് ലാന്റിംഗ് കേന്ദ്രം, തൃശ്ശൂർ (75% കേന്ദ്രവിഹിതം)	50.00
11	മത്സ്യബന്ധന തുറമുഖങ്ങളുടെ ഡ്രെഡ്ജിംഗ് (50% കേന്ദ്രവിഹിതം)	82.43
	ആകെ	1865.43

(ഇ) കേന്ദ്ര സർക്കാർ 5-8-2014-ൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രസഹായം 40% ആയി കുറയ്ക്കുന്നതിനുള്ള തീരുമാനം അറിയിച്ചിരുന്നു. ബഹു. മുഖ്യമന്ത്രി, ബഹു. പ്രധാനമന്ത്രിക്ക് ഒരു അർദ്ധ ഔദ്യോഗിക കത്ത് നൽകുകയും അതിൽ കേരളത്തിലെ മത്സ്യബന്ധന തുറമുഖ മേഖലയിലെ വികസന പ്രവർത്തനങ്ങൾ വിവരിക്കുകയും ആയതിന്റെ വിജയകരമായ പൂർത്തീകരണത്തിന് കേന്ദ്രസഹായ പദ്ധതിയുടെ പ്രാധാന്യം വെളിപ്പെടുത്തുകയും കേന്ദ്രസഹായം 40% ആയി വെട്ടി കുറയ്ക്കുന്നതിനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. കൂടാതെ ബഹു. കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്ക് 12-9-2014-ൽ വകുപ്പുമന്ത്രിയും ഇതേ വിഷയം പരാമർശിച്ച് കത്ത് നൽകിയിട്ടുണ്ട്. അനുദിനം പുരോഗമിച്ചു കൊണ്ടിരിക്കുന്ന ഫിഷറീസ് മേഖലയ്ക്ക് നിരന്തര സാമ്പത്തിക, നൂതന, സാങ്കേതിക വികസന പ്രവർത്തനങ്ങൾക്കും കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിന് സഹായകരമാകുന്നതിനു വേണ്ടിയും കേന്ദ്രസർക്കാരിന്റെ വലിയ തോതിലുള്ള പദ്ധതി വിഹിതം ലഭിച്ചാൽ മാത്രമേ സംസ്ഥാനത്തിന് പ്രാവർത്തികമാക്കുവാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്ന പ്രകാരം പദ്ധതി വിഹിതം വെട്ടിച്ചുരുക്കുക വഴി സംസ്ഥാന സർക്കാരിന് വർദ്ധിച്ച അധിക ബാധ്യത ഉണ്ടാകുന്നതാണ്. ആയതിനാൽ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടേയും മത്സ്യബന്ധന തുറമുഖങ്ങളുടേയും നിർമ്മാണത്തിനായുള്ള കേന്ദ്ര പദ്ധതി വിഹിതവും എൻ.എഫ്.ഡി.ബി. പദ്ധതികൾക്കുള്ള കേന്ദ്രസഹായവും

LIBRARY ARCHIVES Kerala Legislative Assembly

വെട്ടിക്കുറയ്ക്കുന്നത് സംബന്ധിച്ചുള്ള കേന്ദ്ര തീരുമാനം പുനഃപരിശോധിക്കണമെന്നും നിലവിലുള്ള വിഹിതമായ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള 75% വിഹിതവും എൻ.എഫ്.ഡി.ബി. പദ്ധതികൾക്കുള്ള 100% വിഹിതവും തുടരുന്നതിനുള്ള അനുകൂല നടപടി കേന്ദ്ര സർക്കാരിൽ നിന്നുണ്ടാകണമെന്നാണ് സർക്കാരിന്റെ സമീപനം.

തീരദേശ വികസന കോർപ്പറേഷന്റെ ഉല്പന്നങ്ങളുടെ വിപണനം

86 (4421) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ വികസന കോർപ്പറേഷന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന വ്യക്തമാക്കാമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്ന വിശദമാക്കാമോ ;

(ഡി) മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖേന മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന "ഫിഷ് മെയ്ഡ്" എന്ന ബ്രാൻഡിൽ മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങളുടെ വിപണനത്തിനായി സംസ്ഥാനത്തുടനീളം ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ആദ്യ ഔട്ട്ലെറ്റിന്റെ പ്രവർത്തനം കൊച്ചിയിൽ ആരംഭിച്ചു. ഇതോടൊപ്പം തന്നെ ശുചിത്വമായ അന്തരീക്ഷത്തിൽ സോളാർ ഡ്രയറിൽ ഉണക്കിയെടുത്ത് ആധുനിക പാക്കേജിംഗ് സംവിധാനം ഉപയോഗിച്ച് പായ്ക്ക് ചെയ്ത ഉണക്കമത്സ്യ ഉല്പന്നങ്ങൾ "ഡ്രിഷ് കേരള" എന്ന ബ്രാൻഡിൽ വിപണിയിലെത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly